21 മാർച്ച് 2023

# സ്വാതന്ത്ര്യ സമര സേനാനിയിൽ നിന്ന് ആഗോള കാഴ്ചപ്പാടുള്ള സ്നേഹമയിയായ ഗുരു എന്ന പദവിയിലേക്കുള്ള ഒരു അമ്മയുടെ ജീവിതയാത്ര: ശ്രീ മാതാജി നിർമ്മല ദേവിയുടെ നൂറാം ജന്മദിനാഘോഷം.

"പൂർണ്ണമായും മാനവരാശിയുടെ ക്ഷേമത്തിനും നന്മയ്ക്കും വേണ്ടി സമർപ്പിക്കപ്പെട്ട ജീവിതം."

2023 മാർച്ച് 21 ന് ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിന് ആളുകൾ, സഹജയോഗയുടെ സ്ഥാപകയായ ശ്രീ മാതാജി എന്ന പേരിൽ അറിയപ്പെടുന്ന ശ്രീമതി നിർമ്മല ശ്രീവാസ്തവയുടെ ജന്മശതാബ്ദി വാർഷികം ആഘോഷിക്കും. ഓൺലൈൻ മാധ്യമങ്ങളിലൂടെയും, ലോകം മുഴുവനുമുള്ള സഹജയോഗ സെന്ററുകളിലും ആഘോഷങ്ങൾ നടക്കും. ശ്രീ മാതാജിയുടെ പ്രഭാഷണങ്ങളുടെ റെക്കോർഡിംഗുകൾ, സംഗീത പരിപാടികൾ, നേരിട്ടുള്ള സഹജയോഗ ധ്യാന പരിശീലനത്തിനുള്ള അവസരങ്ങളും ഇതിൽ ഉൾപ്പെടും.

നിർമ്മല ശ്രീവാസ്തവ അസാധാരണമായ ഒരു ജീവിതമാണ് നയിച്ചിരുന്നത്. ശ്രീ മാതാജി അപൂർവമായ സ്ത്രീ ഗുരുക്കന്മാരിൽ, ചിലപ്പോൾ ആദ്യത്തെ ഗുരുവാണ്.സ്നേഹപൂർവ്വം ശ്രീ മാതാജിയെ "ബഹുമാനപ്പെട്ട അമ്മ" എന്നാണ് വിളിക്കുന്നത്.ലോകമെമ്പാടുമുള്ള അവരുടെ യാത്രാ മാധ്യമത്തിലൂടെ ആളുകളിൽ ആത്മീയമായ ഉണർവ്വ് നൽകുവാൻ അവർ തന്റെ ജീവിതം സമർപ്പിച്ചു.ഇതിനായി ശ്രീ മാതാജി ഒരിടത്തു നിന്നും ഒരിക്കലും പണം വാങ്ങിയിട്ടില്ല, ഇന്നും സഹജയോഗ എല്ലാവർക്കും സൗജന്യമാണ്."നിങ്ങൾ സ്വയം നിങ്ങളുടെ ഗുരുവായിരിക്കണം." എന്നതാണ് ശ്രീ മാതാജിയുടെ വിശ്വാസം.അത് തന്നെയാണ് സഹജയോഗയുടെ അടിസ്ഥാനവും.
രാജകീയ പാരമ്പര്യമുള്ള ശാലിവാഹന വംശത്തിലെ ഉന്നത കുലരായ മാതാപിതാക്കളുടെ മകളായി 1923ൽ ഇന്ത്യയിൽ ജനിച്ചു. ആദ്യകാലങ്ങളിൽ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി ശ്രീ മാതാജി മാതാപിതാക്കളോടൊപ്പം സമര രംഗത്ത് പ്രവർത്തിക്കുകയും തുടർന്ന് ജയിലടക്കപ്പെടുകയും ചെയ്തു.മഹാത്മാഗാന്ധിയോടൊപ്പം അദ്ദേഹത്തിന്റെ സേവാഗ്രാം ആശ്രമത്തിൽ ശ്രീ മാതാജി കുറെ നാൾ ചിലവഴിച്ചു.പിന്നീട് ലാഹോറിൽ വൈദ്യശാസ്ത്രം പഠിച്ചു.വിവാഹ ശേഷം ഭർത്താവ് സി.പിക്കൊപ്പം സ്വന്തം കുടുംബത്തെ പരിപാലിക്കുകയും പല ജീവകാരുണ്യ സ്ഥാപനങ്ങൾ സ്ഥാപിക്കുകയും ചെയ്തു.സർ സി പി ശ്രീവാസ്തവ ഏറ്റവും കൂടുതൽ സമയം ഐക്യരാഷ്ട്ര സഭയുടെ ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷന്റെ സെക്രട്ടറി ജനറൽ ആയി സേവനം അനുഷ്ഠിച്ച ഒരു പ്രതിഭാശാലിയായ നയതന്ത്രജ്ഞനായിരുന്നു.

ഈ സമയത്തെല്ലാം ശ്രീ മാതാജി ആളുകളുടെ ആന്തരിക ആത്മീയ യാത്രയിൽ അവരെ സഹായിക്കുന്നതിനുള്ള മികച്ച മാർഗ്ഗം തിരയുന്നത് തുടർന്നു കൊണ്ടേയിരുന്നു. 1970-ൽ, നാല്പത്തിയേഴാമത്തെ വയസ്സിൽ, ശ്രീ മാതാജി മനുഷ്യ ജീവിതത്തെ മാറ്റി മറക്കാൻ സാധ്യതയുള്ള

നൂതനവും സുശക്തവുമായ ഒരു ആത്മീയ രീതി ലോകവുമായി പങ്കു വെച്ചു. തുടർന്നുള്ള നാല് പതിറ്റാണ്ടുകളിൽ, സഹജയോഗയുടെ അഗാധമായ സന്ദേശം ശ്രീ മാതാജി നൂറിൽപ്പരം രാജ്യങ്ങളിൽ തന്റെ അശ്രാന്തമായ പരിശ്രമത്തിലൂടെ പ്രചരിപ്പിച്ചു. ലോകമെമ്പാടും യാത്ര ചെയ്ത് ആന്തരിക ആത്മീയ പരിവർത്തനം ആഗ്രഹിക്കുന്ന ജനങ്ങൾക്ക് കൂട്ടായ ആത്മസാക്ഷാത്കാരം നൽകി അനുഗ്രഹിച്ചു.

ശേഷമുള്ള ശ്രീ മാതാജിയുടെ ജീവിതം ശ്രീ മാതാജിയുടെ തന്നെ വാക്കുകളിൽ

സ്പഷ്ടമാണ്, "**എന്റെ ജീവിതം ലോകത്തിലെ എല്ലാ മാനവരുടെയും ക്ഷേമത്തിനും**

**നന്മക്കും വേണ്ടി പൂർണ്ണമായും ഉഴിഞ്ഞു വച്ചിരിക്കുന്നു.**"

ശ്രീ മാതാജിയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി അല്ലെങ്കിൽ

ആഘോഷത്തിൽ പങ്കെടുക്കാൻ **2023** മാർച്ച് **21-ന്** സെൻട്രൽ യൂറോപ്യൻ സമയം

ഉച്ചയ്ക്ക് **12** മണിക്ക് ആരംഭിക്കുന്ന ആഗോള ലൈവ് സ്ട്രീം ഉൾപ്പെടെയുള്ള

പ്രവർത്തനങ്ങൾക്കായി,ദയവു ചെയ്ത് shrimataji.org സന്ദർശിക്കുക.